# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 33** **December 2018** **No.12**

# എഡിറ്റോറിയൽ

മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധം അകന്നതിനാൽ മനുഷ്യരും മനുഷ്യര്യം തമ്മിലുള്ള ബന്ധവും അകന്നു പോകയാണ്. ഇതിനുള്ള കാരണം നാം മനസിലാക്കണം നാം ഓരോരുത്തരും മനസിലാക്കുകയും, അത് ഒഴിവാക്കുവാൻ നമ്മുടെ ഭാഗത്തുനിന്നു നാം എന്തു ചെയ്യണമെന്നും തിരിച്ചറിയണം. ദൈവ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യർ. പുരുഷനിൽ നിന്ന് പുരുഷന് വേണ്ടി സ്ത്രീയെയും ദൈവം മെനഞ്ഞുണ്ടാക്കി. മനുഷ്യരുടെ ജീവിതത്തിന് ആവശ്യമുള്ളതെല്ലാം ദൈവം അവർക്കു നൽകിക്കൊണ്ടിരിക്കുകയും ചെയ്തു.പക്ഷെ അവർ പിശാചിന്റെ പ്രേരണക്ക് വഴങ്ങി ദൈവഹിതത്തിന് എതിരായി പ്രവർത്തിച്ചു. മനുഷ്യന്റെ വീഴ്ച്ചക്ക് കാരണം അതാണ്. തുടർന്ന് ദൈവ ശാപം മനുഷ്യർ ഏറ്റു വാങ്ങി. ദൈവാനുഗ്രഹം സ്വീകരിപ്പാൻ നാം എന്തു ചെയ്യണമെന്ന് ഓരോരുത്തരും അറിയണം. അതിന് പുരുഷനും സ്ത്രിക്കും സംഭവിച്ചത് മനസിലാക്കണം. ദൈവം ആഗ്രഹിക്കുന്നത് അനുസരണമാണ്. ഒരു മകൻ തന്റെ അപ്പനെ അനുസരിക്കണമെന്ന് അപ്പൻ വിചാരിക്കും. മകൻ തന്റെ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നു.

ഇന്ന് ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരെല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ്. പിന്നീട് അവർ താന്താന്റെ വഴിക്ക് പോകയും അവരുടേതായ ദൈവത്തെയും ആരാധനാ രീതികളെയും ഉണ്ടാക്കി. അത് ദൈവത്തെ കോപിപ്പിക്കുന്നതായിരുന്നു. ഒരു വ്യക്തി ആണായാലും പെണ്ണായാലും ദൈവത്തെ ആണ് പ്രസാദിപ്പിക്കേണ്ടത്. ദൈവത്തെ ശരിയായി അറിയണമെങ്കിൽ അവൻ വെളിപ്പെടുത്തിയ സത്യം അറിയണം. ദൈവിക പരിജ്ഞാനമില്ലാതെയാണ്. ആളുകൾ തെറ്റിപ്പോകുന്നത്. ദൈവത്തിന്റെ ശക്തിയെയും തിരിച്ചറിയണം. ലോകജ്ഞാനത്താൽ മനസിലാ

വിശ്വസിക്കുകയോ അനുസരിക്കുകയോ ചെയ്യരുത്. ഏത് ആത്മാവിനേയും നാം വിശ്വസിക്കാതെ ആത്മാവ് ദൈവത്തിൽ നിന്നുള്ളതോ എന്നു നാം പരിശോധിക്കണം. അന്ധമായ വിശ്വാസമോ അനുകരണമോ അല്ല നമുക്ക് ആവശ്യം. മറിച്ച് കാര്യ കാരണ സഹിതം വേണം നാം വിവേചിക്കുവാൻ. മനുഷ്യർക്ക് ഏറ്റവും നല്ലത് എന്തെന്നു ദൈവത്തിനറിയാം. അത് നാം തിരിച്ചറിയണം. ദൈവിക സത്യം വെളിപ്പെടുത്തിയിരിക്കുന്നത് ഓരോരുത്തരും മനസിലാക്കിയാൽ വചനം സ്വീകരിക്കുന്നതിനു വിശ്വാസം ആവശ്യമാണ്.

തികവുള്ള തിരുവെഴുത്താണ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം എടുക്കേണ്ടത്. അതിനു പകരമായി മറ്റൊന്നും ഇല്ല. സൽപ്രവൃത്തികൾ ചെയ്യുന്നതാണ് മതപരമായ അനുസരണത്തേക്കാൾ നല്ലത് എന്നു വിശ്വസിക്കുന്നവർ ദൈവ നീതിയല്ല അന്വേഷിക്കുന്നത്. നിയമലംഘികളായ മനുഷ്യരെ നശിപ്പിക്കുന്നതിനു പകരം, ദൈവ നീതി നിലനിർത്തി അവരെ രക്ഷിക്കുവാനാണ് ദൈവ പദ്ധതി. യേശു ദൈവ നീതി വെളിപ്പെടുത്തി. മഹത്തായ ത്യാഗം ദൈവസന്നിധിയിൽ പ്രസാദകരമായ യാഗമായി തീർന്നു. ആകയാൽ കൃപയാലാണ് ദൈവം മനുഷ്യരെ രക്ഷിക്കുന്നത്. ദൈവത്തിന്റെ ജ്ഞാനത്തെ മനുഷ്യർ ഭോഷത്വമായിട്ടാണ് കാണുന്നത്. ദൈവവും മനുഷ്യരുടെ ജ്ഞാനത്തെ ഭോഷത്വമായിട്ടാണ് കാണുന്നത്.

ഇന്ന് മതപരമായ സംഘങ്ങൾ ധാരാളം നിലവിലുണ്ട്. അവ ദൈവത്താൽ ആരംഭിച്ചതോ, ദൈവം അംഗീകരിക്കുന്നതോ അല്ല. ഏതെങ്കിലും ഒരു പള്ളിയിലോ കൂട്ടായ്മയിലോ പോയി ദൈവത്തെ ആരാധിച്ചാൽ മതി എന്ന വിശ്വാസക്കാർ വളരെയാണ്. പക്ഷെ ദൈവ കൽപന അതിന് എതിരാണ്. ദൈവം ആത്മാവ് ആകുന്നു. അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം എന്നത് ദൈവകൽപനയാണ്. അതിനെ മാറ്റുവാൻ മനുഷ്യർക്ക് അവകാശമില്ല. മാനുഷിക നിയമങ്ങളേക്കാൾ ദൈവത്തിന്റെ രക്ഷക്ക് ദൈവ നിബന്ധനകളാണ് അനുസരിക്കേണ്ടത്. മാനുഷിക സമ്പ്രദായങ്ങളിൽ ആശ്രയിക്കുന്നവർ അവസാനം നിരാശപ്പെടും. കർത്താവായ യേശുവിൽ വിശ്വസിക്കയും പാപമോചനത്തിനായി കർത്താവ് കൽപിച്ചിരിക്കുന്നതു അനുസരിക്കയും ചെയ്യുക.

✶

# എന്തൊരു രക്ഷകൻ!

## തോമസ് ആർ.ഡി.

മനുഷ്യർക്കു ഭൗതികവും ആത്മീകവുമായ രക്ഷ ആവശ്യമുണ്ട്. കാരണം നാം സ്വയം പര്യാപ്തരല്ല എന്നതാണ്. നമ്മുടെ കഴിവുകൾ, പരമമിതികൾ എന്നിവ മനസിലാക്കണം. ആഴക്കടലിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ഒരാൾക്കു രക്ഷപ്പെടുവാനുള്ള അവസരം കിട്ടുന്നതു ഭാഗ്യകരമാണ്. അധർമ്മം പെരുകിയതുമൂലം മനുഷ്യരും ദൈവവും തമ്മിൽ അകന്നു. പാപത്തിൽ നിന്നു സ്വന്ത കഴിവുകൊണ്ടു ഒഴിഞ്ഞു മാറുവാൻ ആർക്കും കഴിയുകയില്ല. പാപം ചെയ്യാതെ ന മാത്രം ചെയ്തു ജീവിക്കുന്ന ആരും ഭൂമിയിലില്ല. അതുകൊണ്ടാണ് ദൈവത്തിനു സ്വീകാര്യമായ ഒരു പ്രായശ്ചിത്തം വേണ്ടി വന്നതു. ദൈവം മനുഷ്യനായി ഈ ഭൂമിയിൽ ജീവിച്ചതു അതിനു വേണ്ടിയായിരുന്നു. മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാൻ അതു കാരണമായി തീർന്നു.

പ്രായ്ശ്ചിത്തം എന്നു പറഞ്ഞാൽ ദൈവത്തിന്റെ നീതിയും വിശുദ്ധിയും നിലനിർത്തി യാതൊരു വിട്ടു വീഴ്ച്ചയുമില്ലാതെ പാപങ്ങൾക്കു ശിക്ഷ കൊടുത്തുകൊണ്ടു കരുണ കാണിക്കുന്ന പ്രവൃത്തിയാണ്. നീതിമാനായ ദൈവം തൃപ്തിയടയുകയും മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കുകയും ചെയ്യുന്ന ഒന്നാണിത്. രക്താംബരം പോലെ ചുവന്ന പാപത്തെ ഹിമം പോലെ വെളുപ്പിക്കുവാനായി ദൈവം ഒരുക്കിയ പദ്ധതിയാണിത്. മാറ്റമില്ലാത്ത ദൈവ സ്വഭാവത്തെയാണിത് വ്യക്തമാക്കുന്നത്. മനുഷ്യരെ ദൈവിക നിലവാരത്തോടു ഉയർത്തുന്ന ഒരു ഉയിർപ്പിനെ

ശുശ്രൂഷയാണിത്. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഉണ്ടായിരുന്ന പ്രശ്നം പാപമായിരുന്നു. ദൈവത്തേയും മനുഷ്യരേയും തമ്മിൽ വേർപിരിച്ചിരുന്നതു പാപമായിരുന്നു. പ്രായ്ശ്ചിത്തത്താൽ ആ പ്രശ്നം മാറി കിട്ടുന്നു. അതാണ് ഇതിലുള്ള പ്രത്യേകത. ദൈവത്തിന്റെ ന്യായത്തിനും നീതിക്കും കോട്ടം വരുത്താതെ ഒരു വിശ്വാസിയെ നീതീകരിക്കുന്നു. ദൈവത്തിന്റെ സ്നേഹം ആ വ്യക്തിക്കു ലഭിക്കുന്നു.

മനുഷ്യരുടെ സ്വഭാവത്തിനു രൂപാന്തരം വരുത്തുവാൻ കാരണമായി തീരുന്നതു അവന്റെ ഉള്ളിലെ വിശ്വാസം ആണ്. ബൈബിളിൽ നിരപ്പ് അല്ലെങ്കിൽ യോജിപ്പ് സാദ്ധ്യമാക്കി തീർക്കുന്നതു ദൈവമാണ്. മനുഷ്യർക്കു അനിവാര്യമായ മാറ്റത്തിനു സഹായം ചെയ്തുകൊടുക്കുന്നു. അതു നിസാരമായി കാണേണ്ട ഒന്നല്ല. നമ്മെ ദൈവത്തോടു നിരപ്പിക്കുന്നു എന്നാണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് (റോമർ 11:15). മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാൻ യേശുക്രിസ്തു കാരണമായി തീർന്നു (റോമർ 5:11). യെഹൂദ ാരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിനു കാരണമായി തീർന്നു. മനുഷ്യരുടെ നീതി പ്രവർത്തികൾ ദൈവത്തോടു നിരന്നുകൊൾവാൻ കാരണമാകുന്നില്ല. അതുകൊണ്ടു പ്രശംസിക്കുവാൻ നമ്മിൽ ഒന്നുമില്ല.

യേശു ക്രൂശിൽ മരിച്ചവരോടെ ലോകത്തിലെ സർവ്വ ജനത്തിനും ദൈവത്തോടു ബന്ധപ്പെടുവാൻ സാദ്ധ്യതയായി. അതായതു ദൈവത്തോടു ബന്ധപ്പെടുവാൻ സാദ്ധ്യതയായ ഒരു മാറ്റത്തിന്റെ ദൃശ്യം കാണുവാനിടയായി (എഫെസ്യർ 2:14-18; കൊലൊസ്യർ 1:21-22). ലോകത്തെ നാശത്തിൽ നിന്നു വിടുവിക്കുവാൻ ഒരവസരം സംജാതമായി. ദൈവത്തിന്റെ വിധിക

ളെയും സ്വഭാവത്തെയും മാനിക്കുന്ന രീതിയിലേക്കു ആളുകൾ മാറി. അതുവരെ ഉണ്ടാകാതിരിരുന്ന ഒരു മനം മാറ്റമാണ് അതിനു ശേഷം ഉണ്ടായതു. മനുഷ്യരിലെ പാപം കണക്കിടാത്ത ഒര വസ്ഥ ഉണ്ടാകുക എന്നതു മനുഷ്യരെ സംബന്ധിച്ച് ആശാവ ഹമായ കാര്യം തന്നെയാണ്. അതുവരെ ലഭ്യമാകാതിരുന്ന ഒന്നു ലഭിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം അലയടിക്കാൻ തുട ങ്ങി.

അകൃത്യം ലോകത്തിൽ നിറഞ്ഞു കവിയുന്ന സാഹചര്യ ത്തിലാണ് ദൈവം ഇങ്ങനെ പ്രവർത്തിക്കുന്നതു. ദൈവത്തിനു വേണമെങ്കിൽ ലോകത്തെ മുഴുവൻ നശിപ്പിക്കാമായിരുന്നു അതിനു പകരം തന്റെ ഏക ജാതനായ പുത്രനെ ലോകത്തി നായി നൽകി. ദൈവത്തിന്റെ മഹത്തായ സ്നേഹമാണ് പ്രദർശി പ്പിച്ചത്. എന്നാൽ ആളുകൾ ഇതിനു ശരിയായി പ്രതികരിക്കണ മെന്നു മാത്രം. ലോകത്തിനു ഒരു രക്ഷകന്റെ ആവശ്യമുണ്ടെന്നു അറിഞ്ഞു ദൈവം പ്രവർത്തിച്ചു. മനുഷ്യർക്കും ദൈവത്തിനും മദ്ധ്യസ്ഥനായിട്ടാണ് യേശുക്രിസ്തു പ്രവർത്തിച്ചത്. ഒരു രക്ഷ കന്റെ ദൗത്യം കർത്താവു പൂർത്തിയാക്കി.

എന്തെങ്കിലും ചെയ്തു ദൈവത്തെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യരാൽ അസാദ്ധ്യമായിരുന്നു. ദൈവത്തെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമെ കഴിയു. ആക യാൽ അവൻ ഒരു പ്രായശ്ചിത്ത ബലിയായി തീർന്നു. പാപ ങ്ങൾക്കു വേണ്ടിയുള്ള പ്രായശ്ചിത്തമാണ് നടക്കേണ്ടതു. ദൈവ ത്തിൽ നിന്നു മനുഷ്യർ അകന്നു പോയപ്പോൾ ഉണ്ടായ വിടവ് നികത്തുവാൻ ദൈവത്തിനു മാത്രമെ കഴിയു. അതുകൊണ്ടാണ് ദൈവം മനുഷ്യനായി ഭൂമിയിൽ വന്നതു. ജഢത്തിൽ വസി

ക്കുന്ന മനുഷ്യൻ ബലഹീനനാണ്. ആ ബലഹീനത വെച്ചുകൊണ്ടു അതിനൊരു പരിഹാരം വരുത്തുകയാണ് ദൈവം ചെയ്യുന്നതു.

വേണ്ടപ്പെട്ടവരിൽ നിന്നു വേർപിരിയുമ്പോഴുണ്ടാകുന്ന വേദന, നിസഹായത, നിരാശ, ഏകാന്തത, ദുഃഖം എന്നിവ അനുഭവപ്പെടുന്നവർക്കേ അതിന്റെ തീവ്രത അനുഭവപ്പെടുകയുള്ളു. ഭൂമിയിലെ താല്ക്കാലിക വാസവും മനുഷ്യൻ അനുഭവിക്കുന്നു. ഇതിനു പകരം നിത്യജീവൻ, സന്തോഷം, സ്ഥിരത എന്നിവ ഉള്ളതായ സ്വർഗ്ഗം ദൈവം ഒരുക്കി. അതിനു ഒരു പ്രായശ്ചിത്തം വേണ്ടിവന്നു. നമ്മുടെ രോഗവും വേദനയും, മുറിവും, ഭാരവും അവൻ നമുക്കു വേണ്ടി ഏറ്റെടുത്തു (യെശയ്യാവ് 51:3). പാപിയായവർക്കു വേണ്ടി പാപമില്ലാത്തവൻ കഷ്ടതയേറ്റു. ബലഹീനരും അബക്തരുമായ മനുഷ്യർക്കുവേണ്ടി കുറ്റമില്ലാത്ത യേശു ക്രൂശിക്കപ്പെടുന്നു. അതു തന്റെ തേജസ് പങ്കിടുന്നതിനും കൂടെയായിരുന്നു.

മനുഷ്യനെ ദൈവം അറിയുന്നില്ല മനുഷ്യരെ ദൈവം കരുതുന്നില്ല എന്നോ ആർക്കും പറയാൻ സാദ്ധ്യമല്ല. അവൻ അറിയുന്നതുകൊണ്ടാണ് നമ്മെ സഹായിക്കുന്നത്. അവൻ നമ്മെ കരുതുന്നതുകൊണ്ടാണ് നമുക്കുവേണ്ടി ഒരു ശ്രേഷ്ഠമായ സ്ഥാനം ഒരുക്കിയിരിക്കുന്നത്. അങ്ങനെ ദൈവത്തോടുകൂടെ മനുഷ്യർക്കു എന്നും ജീവിക്കാമല്ലോ. ഭൂമിയിൽ വെച്ചു മാത്രമെ സാത്താനു മനുഷ്യരെ തോൽപ്പിക്കാൻ പറ്റു. സ്വർഗ്ഗത്തിൽ പിശാചിനു പ്രവേശനമില്ല. അവസാന നാളിൽ വേർതിരിക്കുന്ന വിടവ് ആർക്കും ഒരിക്കലും നികത്താമെന്നു വിചാരിക്കരുത് (ലൂക്കൊസ് 16:26). എങ്ങനെയായാലും ആ രക്ഷകന്റെ

പ്രായശ്ചിത്ത ബലി കാരണത്താൽ ദൈവത്തിന്റെ ദാനം സ്വീകരിക്കുമാറാക്കി. ഇത്ര വലിയ ഒരു രക്ഷകൻ നമുക്കുള്ളതുകൊണ്ട് അവന്റെ സൗജന്യമായ രക്ഷ ഒരിക്കലും തള്ളികളയരുത്.

✶

# സ്വർഗ്ഗം എത്ര മനോഹരം

## ജെറി ജോസഫ്

പിതാവിന്റെ ഇഷ്ടം ചെയ്യുന്ന ഏതൊരാൾക്കും സ്വർഗ്ഗത്തിൽ എത്താൻ കഴിയും (മത്തായി 7:21). സ്വർഗ്ഗത്തിൽ ചെന്നു ജീവിക്കുക എന്നതായിരിക്കണം ഈ ലോകത്തിലെ ഏതൊരു മനുഷ്യന്റെയും ലക്ഷ്യം. സ്വർഗ്ഗം ഒരു യഥാർത്ഥമായ സ്ഥലമാണ്. അതു മനോഹരവും ആശ്ചര്യകരവും മഹത്വകരവുമായ ഒന്നത്രെ. നമ്മുടെ ബുദ്ധിക്കും സങ്കല്പത്തിനും ചിന്തിക്കാൻ കഴിയുന്നതിനേക്കാൾ സ്വർഗ്ഗം സുന്ദരമാണ്. അതിനു പല കാരണങ്ങൾ ഉണ്ട്.

**സ്വർഗ്ഗം സുന്ദരമാകാനുള്ള കാരണം അതു ദൈവ പൈതലിനോടുള്ള സ്ഥലമാണ്**

ഇവിടെ നാം അന്യരും പരദേശികളുമാണ് (1 പത്രോസ് 1:1). ഈ ഭൂമിയിലെ നമ്മുടെ വാസം താല്ക്കാലികമത്രെ (എബ്രായർ 9:27). പ്രത്യാശ നിറവേറുന്നതും സന്തോഷം നിലനില്ക്കുന്നതുമായ ഒരു ഭാവി ഭവനമാണ് സ്വർഗ്ഗം (1 കൊരിന്ത്യർ 15:19). ഈ ഭൂമി നമ്മുടെ ഭവനമല്ല, നമ്മൾ മറ്റൊരു ഭവനത്തിലേക്കു കടന്നു പോകേണ്ടവരാണ് നാം.

പലർക്കും ആ വിചാരമില്ല എന്നതാണ് വാസ്തവം. അവരുടെ ഭൗമിക ജീവിതത്തിലെ പെരുമാറ്റവും പ്രവർത്തിയും കാണുമ്പോൾ അവർ ഇവിടെ സ്ഥിരമായി വസിക്കാൻ പോകയാണ് എന്നു തോന്നും. നശിച്ചു പോകുന്ന വസ്തുവകകൾക്കു വേണ്ടി മനുഷ്യർ കാട്ടികൂട്ടുന്ന വിക്രിയകൾ കണ്ടാൽ നാം ലജ്ജിച്ചുപോകും. താല്ക്കാലികമായ ആവശ്യങ്ങൾ നടക്കാതെ വരുമ്പോൾ അവർ ചെയ്യുന്ന പ്രവൃത്തി പൈശാചികമായി തീരുന്നു. ഫലമോ എന്നും ശിക്ഷയും തീരാദുഃവും.

## സ്വർഗ്ഗം മനോഹരമാണ് കാരണം അതു നിത്യമാണ്

നീതിമാൻമാർക്കുള്ള നിത്യ സ്ഥാനമാണ് സ്വർഗ്ഗം. ദൈവത്താൽ നീതികരിക്കപ്പെടുന്നവർക്കുള്ളതാണ് നിത്യ ജീവൻ (മത്തായി 25:46). ദൈവത്താലുള്ള വിശ്വാസം അനുസരണം എന്നിവ മരണത്തോളം നിലനിർത്തിയാൽ ലഭിക്കുന്ന ഒന്നാണ് നിത്യജീവൻ (വെളിപ്പാട് 2:10). ഭൂമിയിലെ ജീവിതത്തിൽ ലഭിക്കുന്ന ഒന്നാണ് നിത്യജീവൻ. എന്നാൽ അതു നഷ്ടപ്പെടുവാനുള്ളസാഹചര്യം ഇവിടെയുണ്ട്. നീതിമാൻമാർ ഈ ലോകത്തിലായതുകൊണ്ടു അവർക്കു അനർത്ഥങ്ങൾ അനവധി സഹായിക്കേണ്ടിവരും. എന്നാൽ അവർ വിശ്വാസ്തതയോടെ അതിനെ അതിജീവിച്ചാൽ ദൈവം പോക്കുവഴി ഒരുക്കിക്കൊടുക്കും.

മരണശേഷം നമ്മുടെ അവസ്ഥയ്ക്കു മാറ്റം സംഭവിക്കും. വിശുദ്ധ ാർ മരണശേഷം വിശ്രമിക്കുകയാണ്. ഇവിടെ അവർ അദ്ധ്വാനിക്കുന്നു. അവർ ജീവിക്കുന്നതു തങ്ങൾക്കായിട്ടില്ല. അവരുടെ ശുശ്രൂഷ ദൈവത്തിനായി സമർപ്പിക്കുന്നു. അവർ ചെയ്യുന്ന സൽപ്രവൃത്തികളിൽ നിന്നു അവർക്കു ഒരു വിശ്രമം ആവശ്യമാണ്. അവർ ചെയ്ത പ്രവർത്തികൾ നിലനില്ക്കുന്നു

വെങ്കിൽ അവർക്കു പ്രതിഫലമുണ്ട് (വെളിപ്പാട് 14:13). സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളും ആനുകൂല്യങ്ങളും ഒരിക്കലും നിന്നുപോകുന്നില്ല. അവിടെ എന്നും സന്തോഷവും സമാധനവും ഏറ്റക്കുറിച്ചില്ലാതെ നമുക്കു എന്നേക്കും അനുഭവിക്കാം.

**സ്വർഗ്ഗം, മനോഹര ബന്ധം നല്കുന്നതിനാൽ അതു മനോഹരമത്രേ**

സ്വർഗ്ഗത്തിൽ ചെല്ലുന്നവർ പിതാവും പുത്രനും പരിശുദ്ധത്മാവുമായി എന്നേക്കുമുള്ള കൂട്ടായ്മ ആചരിക്കുകയാണ് (1 കൊരിന്ത്യർ 15:57). എന്നേക്കുമുള്ള വിജയം ആസ്വദിക്കുന്നതു സ്വർഗ്ഗത്തിലാണ്. മരണം, പിശാച്, അന്ധകാരം, നിരാശ, നിരുത്സാഹം, അവഗണന, അപകടം, എന്തിന് അനുസരണക്കേടുപോലും വിജയിക്കുന്ന സ്ഥാനം അവിടെയാണ് (വെളിപ്പാട് 21:1-8). ആത്മീയമായി ദൈവത്തോടു അടുക്കുന്നവർക്കു ലഭിക്കുന്ന ഭാഗ്യകരമായ സ്വർഗ്ഗം മനോഹരം എന്നല്ലാതെ എന്തു പറയാനാണ്.

ഇവിടെ നാം അനുഭവിക്കുന്ന വേദന, ദുഃഖം, പ്രതിസന്ധി എന്നിവയൊന്നും ഇല്ലാത്ത ഒരു ജീവിതമാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്. ഇവിടെ നമുക്കു പലപ്പോഴും പരാജയം നേരിടുന്നതു സാത്താന്റെ പ്രലോഭനം നിമിത്തമാണ്. എന്നാൽ കർത്താവിന്റെ വരവിൽ അഥവാ ഭൗതിക മരണശേഷം നാം ഇതിൽ നിന്നു മോചനം പ്രാപിക്കുന്നു. മറ്റൊരു ശക്തിക്കും പിന്നെ നമ്മെ കീഴ്പ്പെടുത്താൻ സാദ്ധ്യമല്ല. യേശുക്രിസ്തു മൂലമാണ് നമുക്കു ജയം നൽകുന്നത്. നമ്മുടെ ദൈവം എത്രനല്ലവൻ എന്നു രുചിച്ചറിയുക. നിങ്ങൾ ദൈവത്തോടു ബന്ധപ്പെട്ടിട്ടുണ്ടോ?

## സ്വർഗ്ഗം, മനോഹരമാണ് കാരണം അതു അന്ത്യമാണ്

ഈ ലോകത്തിൽ അനീതിയും അശുദ്ധിയും ദുർന്നടപ്പും എല്ലാം നിറഞ്ഞു നില്ക്കുന്നു. നാം ജഡത്തിൽ വസിക്കുമ്പോൾ ജഡം പാപത്തിലേക്കു നമ്മെ വലിച്ചിഴക്കുന്നു (വെളിപ്പാട് 3:15-16; ഗലാത്യർ 5:19-21) ഇവിടെ ഒരു പരിശീലന ഘട്ടമാണ്. അപക്വത അഥവാ ശൈശവ സ്വഭാവങ്ങളാണ് പലരെയും മഥിക്കുന്നത് (എബ്രായർ 5:12-14). അന്യോന്യം ബഹുമാനമില്ലാതെ, അജ്ഞത, ന യില്ലായ്മ എന്നിവ അവസാനിക്കുന്നതു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതോടെയാണ്.

ലൗകിക പ്രശ്നങ്ങളുടെ അവസാനമാണ് സ്വർഗ്ഗം. ഈ കാണുന്ന ആകാശവും ഭൂമിയും ഒഴിഞ്ഞുപോകയും പുതിയ ആകാശവും പുതിയ ഭൂമിയും നിലനില്ക്കുന്ന സ്വർഗ്ഗം അതീവ സുന്ദരം തന്നെയായിരിക്കും. അവിടെ പ്രവേശിക്കുവാനാണ് എല്ലാവരും ഉത്സാഹിക്കേണ്ടത്. ഈ ലോക ജീവിതത്തിനായി തന്നിരിക്കുന്ന ഭൗതിക ശരീരം പോലും മാറി സ്വർഗ്ഗീയ ശരീരം ലഭിക്കുന്നതു അവിടെയാണ്. ആ പ്രത്യേക ശ്രേഷ്ഠം തന്നെ യാണ്. തന്നെയുമല്ല, യേശു ക്രിസ്തുവിനു ലഭിച്ചതായ തേജസും അവനെ അനുസരിച്ച് ജീവിച്ചവർക്കായി കാത്തിരിക്കുന്നു.

## സ്വർഗ്ഗം, സുന്ദരമാണ് കാരണം അതിന്റെ സ്വഭാവം അവർണ്ണനീയം

സ്വർഗ്ഗം ഏതുപോലെ ഇരിക്കും എന്നു സ്പഷ്ടാമായി വർണ്ണിക്കാൻ പ്രയാസമാണ്. സ്വർണ്ണ നിബിഡവും കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങളുള്ളതുമായ സ്ഥലമാണ് സ്വർഗ്ഗം. ക്ഷയം, മാലിന്യം, വാട്ടം, കോട്ടം ഒന്നുമില്ലാത്ത അക്ഷയമായ സ്ഥാന

മാണ് സ്വർഗ്ഗം. കർത്താവാണ് സ്വർഗ്ഗീയവാസം ഒരുക്കിയിരിക്കുന്നത്. ഒരുങ്ങിയിരിക്കുന്നവർക്കാണ് സ്വർഗ്ഗം അവകാശമാക്കുവാൻ കഴിയുന്നത് (യോഹന്നാൻ 14:1-3). അതിനു സ്ഥിരമായ വിശ്വാസം, പാപങ്ങളിൽ നിന്നു വിട്ടു തിരിയൽ, യേശുവിനെ ദൈവ പുത്രനെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം എന്നിവ വേണം. മരണത്തോളം വചന പ്രകാരം ജീവിക്കയും ചെയ്താൽ ഈ മനോഹര സ്വർഗ്ഗത്തിൽ നിങ്ങൾക്കു അവകാശം ലഭിക്കും.

✶

# നിബന്ധനയോടുകൂടെയുള്ള ഉറപ്പ്

**ചാൾസ് J.A.**

ഇസ്രായേൽ ദൈവത്തിന്റെ ചട്ടങ്ങളും വിധികളും പ്രമാണിച്ചു നടന്നാൽ അവർ ദൈവ വാഗ്ദാനത്തിനു യോഗ്യരായി തീരും (ആവർത്തന പുസ്തകം 28:1-14). ഇസ്രായേൽ ദൈവത്തെ അനുസരിക്കാതെ ജീവിച്ചാൽ അവർ പരാജയപ്പെട്ടു ചിന്നിചിതറി നശിച്ചു പോകുമെന്നു മോശെ മുന്നറിയച്ചിട്ടുണ്ട് (ആവർത്തന പുസ്തകം 28:15-68). യാഹേവയോടുള്ള വിശ്വസ്തതയും അനുസരണയും അടിസ്ഥാനപ്പെടുത്തിയാണ് ദൈവം ദാവീദിന്നു കൊടുത്ത വാഗ്ദാനവും (2 ശമുവേൽ 7:10-17). ഞാൻ നിന്നോടു കല്പിച്ചതൊക്കെയു ചെയ്‌വാൻ തക്കവണ്ണം എന്റെ മുമ്പാകെ ഹൃദയ നിർമ്മലതയോടും പരമാർത്ഥയോടും കൂടെ നിന്റെ നിർമ്മലതയോടും പരമാർത്ഥതയോടും കൂടെ നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നടക്കുകയും

എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കയും ചെയ്താൽ യിസ്രായേലിന്റെ രാജസനത്തിൽ ഇരിപ്പാൻ ഒരു പുരുഷൻ നിനക്കു ഇല്ലാതെ പോകയില്ല; ആ രാജത്വം എന്നേക്കും സ്ഥിര പ്പെടുത്തും എന്നും അരുളിച്ചെയ്തു (1 രാജക്ക ാർ 9:4–7).

യോനാ പ്രവാചകനുശേഷം യിരമ്മ്യാ പ്രവാചകനും നട ത്തിയ പ്രവചനങ്ങൾ നിബന്ധന ഉൾക്കൊള്ളുന്നതായിരുന്നു. "യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ, നിസ്രായേൽ ഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്വാൻ കഴികയില്ലയോ എന്നു യഹോ വയുടെ അരുളപ്പാട്. യിസ്രായേൽ ഗൃഹമേ, കളിമണ്ണു കുശ വന്റെ കയ്യിൽ ഇരിക്കുന്നതുപോലെ നിങ്ങൾ എന്റെ കയ്യിൽ ഇരിക്കുന്നു. ഞാൻ ഒരു ജാതിയെ കുറിച്ചോ ഒരു രാജ്യത്തെ കുറിച്ചോ അതിനെ പറിച്ചും ഇടിച്ചും നശിപ്പിച്ചു കളയും എന്നു അരുളിച്ചെയ്ത ജാതി തന്റെ ദുശ്ടത വിട്ടു തിരിയുന്നുവെങ്കിൽ അതിനോടു ചെയ്വാൻ നിരൂപിച്ച ദോഷത്തെ കുറിച്ചു ഞാൻ അനുതപിക്കും. ഒരു ജാതിയെകുറിച്ചോ ഒരു രാജ്യത്തെ കുറിച്ചോ ഞാൻ അതിനെ പണികയും നടുകയും ചെയ്യും എന്നു അരുളിച്ചെയ്തിട്ടു അതു എന്റെ വാക്കു കേട്ടു അനുസ രിക്കാതെ എനിക്കു അനിഷ്ടമായുള്ളതു ചെയ്യുന്നുവെങ്കിൽ അവർക്കു വരുത്തും എന്നു അരുളിച്ചെയ്ത ന യെ കുറിച്ചു ഞാൻ അനുതപിക്കും (യിരെമ്മ്യാവ് 18:5–10) ഒരു ദേശത്തെ ദൈവം അനുഗ്രഹിക്കുകയാണെങ്കിലും ശിക്ഷിക്കുകയാണെ ങ്കിലും അതു നിബന്ധനക്കു വിധേയമായിരിക്കും. പ്രവചനമാ യാലും അതും നിബന്ധനയനുസരിച്ചാണഅ നിറവേറ്റുക.

അബ്രഹാമിന്റെ പിൻഗാമികൾക്കു ദൈവം ദേശവും വ്യക്തിപരമായ സംരക്ഷണവും വാഗ്ദാനം ചെയ്തു.

(ഉൽപത്തി 12:1–4: 22:16–18). ആ വാഗ്ദത്ത ദേശം മുഴുവൻ അവർ കൈവശമാക്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ യെഹൂദ ാർ ഈ പ്രവചനത്തിന്റെ നിബന്ധനകളെ മാനിച്ചില്ല. അതു കൊണ്ടു ദൈവം അവരെ മാനിച്ചില്ല. പ്രവചനത്തിന്റെ ഇരുവ ശങ്ങളും അവർ തിരിച്ചറിയണമായിരുന്നു. ദൈവത്തിനു തന്റെ മുന്നറിയിപ്പ് നിവർത്തിക്കുവാൻ അവൻ വെച്ച നിബന്ധനകൾ നോക്കേണ്ടതുണ്ട്. ദൈവം നീതിമാനാണ്. തന്റെ പ്രവർത്തിക ളിൽ ഒക്കെയും ആ നീതി നമുക്കു കാണാം. ചരിത്ര പ്രവ ചനങ്ങളുടെ നിവർതത്തീകരണത്തെ പരിശോധിച്ചാൽ അതു നമുക്കു മനസിലാക്കാം. ദൈവം അബ്രഹാമിന്നു കൊടുത്ത വാഗ്ദാനം നിറവേറുവാൻ അവൻ വാഗ്ദന ദേശത്തുപോക ണമായിരുന്നു. ദൈവം ചെയ്യുവാൻ പറഞ്ഞ നിബന്ധനകൾ പാലിക്കാൻ ശ്രമിക്കാതെ ദൈവ വാഗ്ദാനങ്ങൾക്കായി കാത്തി രിക്കുന്നതിൽ അർത്ഥമില്ല. പൂർണ്ണമായ വിശ്വാസവും പൂർണ്ണ മായ അനുസരണവും നമ്മുടെ ഭാഗത്തു നിന്നുണ്ടായാൽ ദൈവം തന്റെ വാക്കുകൾ നിവർത്തിക്കും. ഭൂരിഭാഗം പേർക്കും അതിനു കഴിയുന്നില്ല എന്നതാണ് വാസ്തവം.

അബ്രഹാമിനു കൊടുത്ത വാഗ്ദാനം ദൈവം പല പ്രാവശ്യം ആവർത്തിക്കുന്നുണ്ട്.(ഉൽപത്തി 12:1–7:13:14 –18:15:18:17:58) തുടർന്നു ഇസഹാക്കിനും ഇതേ വാഗ്ദാനം കൊടു ക്കുന്നുണ്ട്. (ഉൽപത്തി 26:1–5) പിന്നീട് യാക്കൊബിനും (ഉൽപ്പത്തി 28:3–4) അബ്രഹാമിനും അവന്റെ സന്തതിൾക്കും ദൈവം നൽകിയ വാഗ്ദാനം അവൻ നിറവേറ്റി. അവരെ ഒരു വലിയ ദേശമാക്കു സംരക്ഷിച്ചു. തന്നെയുമല്ല കനാൻ ദേശവും അവർക്കു കൊടുത്തു. (യോശുവ 21:43–45) യഹോവ യിസ്രാ യേലിനും താൻ അവരുടെ പിതാക്ക ാർക്കു കൊടുക്കുമെന്നു

സത്യം ചെയ്ത ദേശമെല്ലാം കൊടുത്തു യഹോവ അവരുടെ പിതാക്ക ാരോടു സത്യം ചെയ്തതുപോലെ ഒക്കെയും ചുറ്റും അവർക്കു സ്വസ്തത നൽകി (യേശുവ 21:43-45). ദാവീദ് പിടി ച്ചടക്കുകയും ശാലോമോൻ ആ ദേശത്തെ വാഴുകയും ചെയ്തു. ( 2 ശമുവേൽ 8:10:2 ദിനവൃത്താന്തം 18:20) യിസ്രായേലിന്റെ ബാബിലോൺ പ്രവാസത്തിനു ശേഷവും ദൈവം തന്റെ വാഗ്ദാന ദേശം അവർക്കായി സൂക്ഷിച്ചു. (നെഹമ്മ്യാവ് 9:7-8).

യാതൊരു നിബന്ധനയും കൂടാതെ തന്നെ ദൈവം അബ്ര ബാമിനും അവന്റെ സന്തതിക്കും വാഗ്ദാനം ചെയ്ത ദേശ മൊക്കെ ഒരു നാൾ അവർ അവകാശമാക്കും എന്നു വിശ്വസി ക്കുന്നവർ ഉണ്ട്. അതു മിഥ്യാധാരണയാണ് ദൈവം വെച്ചതാ യ നിബന്ധനകൾ ഒരിക്കലും അവഗണിക്കാൻ ആരെയും അവൻ അനുവദിക്കുന്നതല്ല. യിസ്രായേലിന്റെ ചരിത്രം നോക്കി യാൽ അവരിൽ അധികം പേരും മത്സരിച്ചു വിഗ്രഹാരാധന യിലേക്കു തിരിഞ്ഞു ദൈവത്തെ കോപിപ്പിക്കയുണ്ടായി. മാന സാന്തരപ്പെട്ടു ദൈവത്തിലേക്കു തിരിഞ്ഞു വരുന്നവരോടു അവൻ കരുണ കാണിക്കും.

നാം തിരുവെഴുത്തു പരിശോധിക്കുമ്പോൾ പ്രവചനം മാത്രമല്ല നിബന്ധനയോടു കൂടെ നൽകിയിരിക്കുന്നതു. യേശു ക്രിസ്തുവിലൂടെയുള്ള രക്ഷയും നിബന്ധനയുടെ അടിസ്ഥാ നത്തിലുള്ളതാണ് (മർക്കൊസ് 16:16) വിശ്വാസവും സ്നാനും നിബന്ധനയാണ്. ദൈവത്തിൽ നിന്നു രക്ഷം ആവശ്യമുള്ളവർ ആ നിബന്ധന നിർവ്വഹിക്കണം. നാം രക്ഷിക്കപ്പെടുന്ന ഒന്നാണ് സുവിശേഷം എന്നു അപ്പൊസ്തലനായിരുന്ന പൌലൊസ് പ്രസ്താവിച്ചിരിക്കുന്നു. ( 1 കൊരിന്ത്യർ 15:2) നിങ്ങൾ വിശ്വസി ച്ചതു വൃഥാവായി പോകാതിരിക്കാൻ ഞാൻ നിങ്ങളോടു അ

റിയിച്ച വചനം മുറുകെ പിടിച്ചു കൊൾവിൻ എന്നും ഓർമ്മിപ്പി ക്കുന്നു. നിത്യജീവൻ വാഗ്ദാനം ചെയ്തിരിക്കുന്നതു ദൈവ മാണ്. അതു ലഭിക്കുന്നതു ദൈവ പുത്രനിലുള്ള വിശ്വാസവും അവന്റെ ഉപദേശത്തിലുള്ള അനുസരണവും ഉള്ളവർക്കാണ് എന്ന കാര്യം പ്രത്യേകം സ്മരിക്കുന്നതു നന്നായിരിക്കും.

✶

# ദൈവത്തിന്റെ കരുണ

**ആൽബെർട്ട് G.**

ദൈവം മഹാ കരുണയും കൃപയും നിറഞ്ഞവനാണ്. കരുണ എന്ന വാക്ക് മിക്കവാറും എല്ലാവരും ഉപയോഗിക്കു ന്നുണ്ട്. പൗലൊസിനെ വിചാരണക്കു കൊണ്ടുവന്നപ്പോൾ തെർത്തുല്ലോസ് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് എന്ന് കാണാം. ചില ഭരണാധികാരികൾ ദൈവ കരുണയെ മനസിലാക്കിയിട്ടു ണ്ട്. നമുക്കറിയാം ദൈവം ദീർഘവീക്ഷണവും മുൻകാഴ്ചയും ഉള്ളവനാണ്. ഒരു കാര്യം ചെയ്താൽ അതിന്റെ അനന്തരഫലം അപകടകരമോ അല്ലയോ എന്നു ദൈവത്തിനറിയാം. ചിലതു ദൈവം ചിലരിൽ ഒഴിവാക്കും. ആരോടു ദയയും കരുണയും കാണിക്കണം എന്നു ദൈവത്തിനറിയാം. നമ്മുടെ ഇഷ്ടപ്രകാ രമല്ല അതു ദൈവം ചെയ്യുന്നത്. ദൈവത്തിൽ നിന്നു കരുണ ലഭിക്കുന്നതു മഹാഭാഗ്യമാണ്.

പുതിയ നിയമത്തിൽ ഈ വാക്ക് അധികമായി ദൈവ ത്തോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടില്ലെങ്കിൽ പോലും അതിന്റെ അർത്ഥം വരുന്ന മറ്റു വാക്കുകൾ കാണാം. ദൈവ

മാണ് സകലത്തെയും നിയന്ത്രിക്കുന്നത്. അവന്റെ കരുതൽ പലവിധത്തിൽ നാം അനുഭവിക്കുന്നുണ്ട്. പഴയനിയമ കാലത്തിലും പുതിയനിയമ കാലത്തിലും ദൈവത്തിന്റെ കരുണാധിക്യ പ്രകാരമുള്ള പ്രവൃത്തികൾ നമ്മുടെ ബുദ്ധിയെ തെളിയിക്കുന്നതാണ്. ദൈവത്താൽ പ്രത്യേകതയോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഈ ഭൂമിയിലാക്കിയ ഉദ്ദേശത്തെ തിരിച്ചറിഞ്ഞാൽ ഈ വിഷയം നമുക്കു ഗ്രഹിക്കാൻ പ്രയാസമില്ല.

നിങ്ങളെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതിനു വേണ്ടി നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തോട് പ്രാർത്ഥിച്ചിട്ടുണ്ടോ? അവർ അങ്ങനെ ചെയ്തിട്ടുണ്ടോ? അതു കരുണാധിക്യ പ്രകാരം അവൻ ചെയ്യുന്നതാണ്. അല്ലാതെ അതു അത്ഭുതമല്ല. ചില ആളുകൾ വിചാരിക്കുന്നത് അവരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നില്ല എന്നാണ്. കാരണം അവർ ദൈവത്തിന്റെ പ്രത്യേക ശബ്ദമോ ദൈവിക ദർശനമോ കാണാത്തതുകൊണ്ടാണ്. അവർക്കു സത്യാവസ്ഥ അറിയാത്തതുകൊണ്ടാണ്. എത്രയോ അപകടങ്ങൾ അവർക്കു വരാമായിരുന്നത് നീങ്ങിപ്പോയിട്ടുണ്ട്. അവ ഒഴിഞ്ഞുമാറുവാൻ ദൈവം അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. പക്ഷേ അവർ അതു തിരിച്ചറിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. അവൻ സർവ്വവും കാണുന്നുണ്ട്. നാം നമുക്കു നേരിടാനിടയുണ്ടായിരുന്ന പല അപകടങ്ങളും നമുക്കു കാണാൻ കഴിയുന്നില്ലെങ്കിലും ദൈവത്തിന്റെ മുൻകാഴ്ചയാൽ അതെല്ലാം അവന്നു കാണുവാൻ കഴിയും.

അബ്രഹാം തന്റെ ഭാര്യയെ ഗേരാർ രാജാവ് അബിമെലേക്ക് എടുക്കാതിരിക്കാൻ അവൾ തന്റെ സഹോദരിയാണെന്ന് പറഞ്ഞു. രാജാവിനെ അവൻ ഭയന്നതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. സഹോദരി എന്നു പറഞ്ഞുകൊണ്ട്

സാറയെ അബിമെലേക്ക് എടുത്തു. "എന്നാൽ ദൈവം അബിമെലേക്കിനു രാത്രി ദർശനത്തിൽ പ്രത്യക്ഷനായി, അവനോടു പറഞ്ഞതു നീ എടുത്ത സ്ത്രീ നിമിത്തം നീ മരിക്കും. അവൾ ഒരു പുരുഷന്റെ ഭാര്യ എന്നു അരുളിച്ചെയ്തു. ഒരാൾ മറ്റൊരാളുടെ ഭാര്യയെ എടുക്കുന്നതു ഗൗരവമായ തെറ്റാണ്. ദൈവം പറയുന്നു അങ്ങനെ ചെയ്താൽ അവൻ മരിക്കും എന്ന്.

അബിമൊലേക്ക് സാറയെ എടുക്കാതിരിക്കാൻ ദൈവം തടുത്തു. ദൈവം എത്രയെത്ര മോശമായ കാര്യങ്ങളെയാണ് നാം പാപത്തിൽ വീഴാതിരിക്കാൻ ദൈവം തടുത്തത് എന്ന് ഓർമ്മയുണ്ടോ? നാം ദൈവമുൻപാകെ വിശ്വസ്തരായി ജീവിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അതു ദൈവത്തിന്റെ കരുണാധിക്യ പ്രകാരമാണ് ദൈവം പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ സഹായവും കരുതലും നമ്മെ നേർപാതയിൽ വഴി നടത്തുവാൻ ഉപകരിക്കുന്നു എന്ന് നാം അറിയണം.

യഹോവ യാക്കൊബിനോട് അവന്റെ പിതൃദേശത്തേക്കു മടങ്ങിപ്പോകുവാൻ ആവശ്യപ്പെടുന്നുണ്ട്. അങ്ങനെ പോയാൽ ദൈവം അവനോടുകൂടെ ഉണ്ടാകും എന്നു അരുളിച്ചെയ്തു. അവൻ റഹേലിനേയും ലേയയേയും വിളിച്ചുവരുത്തി അവരുടെ അപ്പൻ അവനോടു ചെയ്തതെല്ലാം വിവരിച്ചു പറഞ്ഞു. "നിങ്ങളുടെ അപ്പൻ എന്നെ ചതിക്കുകയും എന്റെ പ്രതിഫലം പത്തു പ്രാവശ്യം മാറ്റുകയും ചെയ്തു. എന്നാൽ ദൈവം എനിക്കു ദോഷം വരുത്താൻ അനുവദിച്ചില്ല. ശ്രദ്ധിക്കുക ദൈവം അവനോടു കൂടെ ഇരിക്കും എന്നാണ് അരുളിച്ചെയ്തത്. ദൈവം അവനു ഒരു ദോഷവും പരുത്തുവാൻ അനുവദിച്ചില്ല എന്നതു ദികച്ചും ദൈവത്തിന്റെ കരുണ തന്നെയാണ്.

യോസേഫിന്റെ ജീവിതത്തിലും ദൈവത്തിന്റെ കരുണ നാം കാണുന്നുണ്ട്. അവൻ തന്റെ ഉദ്ദേശം വെളിപ്പെടുത്തുകയുണ്ടായി. അവൻ മിസ്രയിമിൽ എത്തിയതു ദൈവത്തിന്റെ ഉദ്ദേശമെന്നായിരുന്നു അവൻ പറഞ്ഞത്. അവന്റെ സഹോദരന്മാരുടെ അസൂയയും പകയുമാണ് യോസേഫിനെ അവരിൽ നിന്നും അകറ്റിയത്. ഒടുവിൽ ദൈവം ആ പ്രദേശത്തിനു ക്ഷാമം വരുത്തിയപ്പോൾ അവർ ധാനത്തിനായി തങ്ങളുടെ സ്വന്തം സഹോദരന്റെ അടുക്കലാണ് ചെന്നുചേരുന്നത്. പക്ഷേ യോസേഫ് തന്റെ സഹോദരങ്ങളോട് ദയവു കാണിക്കുകയാണ് ചെയ്തത്.

യാക്കൊബിനേയും മക്കളേയും ദൈവകരുണയാൽ സംരക്ഷിച്ചതിന്റെ ഉദ്ദേശം ക്രിസ്തു യെഹൂദ്യയിൽ നിന്നു ജനിക്കേണ്ടിയിരുന്നതുകൊണ്ടാണ്. യോസേഫിന്റെ ജീവിതത്തിൽ പല അനിഷ്ട സംഭവങ്ങളും ഉണ്ടായെങ്കിലും ദൈവം അവനെ സുരക്ഷിതമായി കാത്തു പരിപാലിച്ചു. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിരിക്കുന്നതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടുമില്ല. തിന്മയുടെ മേൽ നന്മ ജയിക്കുമെന്നും ദൈവമക്കൾക്ക് നേരിടുന്ന തിന്മകളെ നന്മകളാക്കാൻ ദൈവത്തിനു കഴിയുമെന്നും യോസേഫിന്റെ ജീവിതത്തിൽ തെളിയിച്ചു. ദൈവത്തിന്റെ കരുതൽ അവർണ്ണനീയം തന്നെ.

യഹൂദ ജനങ്ങൾക്കെല്ലാം മരണഭീഷണി ഉയർന്ന സാഹചര്യത്തിൽ മോർദ്ദേഖായിയുടെ ഉചിതമായ ഇടപെടൽ എസ്തേർ 4:14-ൽ കാണുന്നു. എസ്തേർ രാജ്ഞിയായി തീർന്നപ്പോൾ മോർദ്ദേഖായിയുടെ ഉചിതമായ നിർദ്ദേശപ്രകാരം അവൾ പ്രവർത്തിച്ചതുകൊണ്ട് രാജാവിന്റെ അറിവു കൂടാതെ യെഹൂദജനത്തെ മുഴുവൻ സംരക്ഷിക്കുകയുണ്ടായി. എസ്തേറിനെ

രാജ്ഞിയാക്കുന്നതും ഉണർന്നു പ്രവർത്തിക്കുന്നതുമെല്ലാം ദൈവത്തിന്റെ നടത്തിപ്പു തന്നെയായിരുന്നു. അതാണ് ദൈവ കരുണ എന്നത്.

മോർദ്ദേഖായി എസ്തേറിനോട് പറഞ്ഞത് നീ ഇപ്പോൾ മിണ്ടാതിരുന്നാൽ ദൈവം മറ്റൊരു വഴിയിൽ തന്റെ ജനത്തെ സൂക്ഷിക്കും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചു പോകും. ഇതിനല്ലെ ഇപ്പോൾ നിന്നെ രാജധാനിയിലേക്കും പ്രമുഖ സ്ഥാനത്തേക്കും ആക്കിയിരിക്കുന്നത് എന്ന് ആർക്ക റിയാം?

നിങ്ങൾ എവിടെയായിരിക്കുന്നുവോ അവിടെ ദൈവിക മായ ഒരു ഉദ്ദേശം കാണും. നിങ്ങൾ അതു മനസ്സിലാക്കി പ്രവർത്തിച്ചാൽ അതിന്റെ പ്രതിഫലം വലുതായിരിക്കും; അതു പ്രാവർത്തികമാക്കാൻ ദൈവത്തിന്റെ കരുതലും തുണയും നിങ്ങൾക്ക് ഉണ്ടാകും. ഇന്ന് സുവിശേഷം അറിയിക്കുന്നതിന് അവസരങ്ങൾ അനവധി തുറന്നിരിക്കുന്നു. നിങ്ങളെ വിളിച്ച് അവന്റെ രാജ്യത്തിലാക്കിയിരിക്കുന്നത് അവന്റെ സൽഗുണ ങ്ങളെ ഘോഷിക്കുന്നതിനാണ്. ഇക്കാലം അതിനുള്ളതാണ്. സമയം തക്കത്തിൽ ഉപയോഗിക്കണം. അവസരം എപ്പോഴും കിട്ടിയെന്നു വരികയില്ല. ദൈവം തരുന്ന അവസരം നാം ഉപ യോഗിക്കണം.

ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ പ്രമാണി ക്കുന്നവർക്കു ദൈവം സകലവും നന്മക്കായി പ്രവർത്തിക്കും എന്നറിയുക (റോമർ 8:28). അതായതു ദൈവത്തിന്റെ നിർണ്ണ യപ്രകാരം വിളിക്കപ്പെട്ടവർക്ക് ദൈവം ചെയ്യുന്ന ഉപകാരങ്ങൾ പ്രകടമായിരിക്കും. “പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ

ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും." (സദൃശവാക്യങ്ങൾ 3:5, 6).

"എന്നെ ശക്തനാക്കുന്നവൻ മൂലം ഞാൻ സകലത്തിനും മതിയായവൻ" എന്ന് അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർക്കു ലേഖനം എഴുതുമ്പോൾ പറഞ്ഞു - (ഫിലിപ്പിയർ 4:13). "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തു യേശുവിനും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ" (എഫെസ്യർ 3:20, 21). "യഹോവ ആചരിക്ക യഹോവയിൽ തന്നെ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യെഹോവയിൽ ഭരമേല്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും" (സങ്കീർത്തനങ്ങൾ 37:3-5).

നിങ്ങൾ ദൈവത്തിന്റെ കരുണ ആസ്വദിച്ചിട്ടില്ലെങ്കിൽ കർത്താവിന്റെ ഉപദേശത്തിൽ വിശ്വസിക്കയും പാപങ്ങളിൽ നിന്നു വിട്ടുതിരിയുകയും ചെയ്തു. ക്രിസ്തു ദൈവപുത്രൻ എന്ന് ഏറ്റുപറഞ്ഞു പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുക. അപ്പോൾ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്നു അവന്റെ വചനപ്രകാരം വിസ്വസ്തമായി ജീവിച്ചാൽ ദൈവകരുണയാൽ അവൻ നിങ്ങളെ സഹായിച്ച്, സംരക്ഷിച്ച്, നിങ്ങളെ വഴിനടത്തുവാൻ അനുവദിച്ചാൽ അവൻ നിങ്ങളെ വഴിനടത്തുക തന്നെ ചെയ്യും.

✶

# വീണ്ടും ജനിക്കുന്നത് എങ്ങനെ?

## സണ്ണി ഡേവിഡ്

ജനങ്ങൾ എങ്ങനെയാണ് അധർമ്മം പ്രവർത്തിച്ചത്? കർത്താവിന്റെ ഉപദേശം അവർ സ്വീകരിച്ചില്ല, പഠിച്ചില്ല, ഉപദേശിച്ചില്ല, ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നത് അവർ പരിസീലിക്കയോ മറ്റുള്ളവരെ പരിശീലിപ്പിക്കയോ ചെയ്തില്ല. അതിനു പകരമായി കർത്താവ് പ്രസ്താവിക്കാത്തതു പഠിപ്പിക്കയും ആചരിപ്പിക്കയും ചെയ്തു. ആകയാൽ കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവരുമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരത്രെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് (മത്തായി 7:21).

കർത്താവ് കല്പിച്ചിട്ടുള്ള കാര്യങ്ങൾ തീർച്ചയായും അറിയുവാൻ ഉള്ള ഏക മാർഗ്ഗം തന്റെ വചനങ്ങൾ രേഖപ്പെടുത്തിയ പുസ്തകത്തിലേക്കു തിരിയണം. ശ്രദ്ധാപൂർവ്വം അത് വായിച്ചു നോക്കണം. അതിൽ എഴുതിയിരിക്കുന്ന പ്രകാരമാണോ നാം ജീവിക്കുന്നത് എന്ന് പരിശോധിക്കണം. ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുൻപ് അപ്പൊസ്തലനായിരുന്ന യോഹന്നാൻ ഒരു മുന്നറിയിപ്പ് നൽകുന്നുണ്ട്. “പ്രിയമുള്ളവരേ, കള്ള പ്രവാചകർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനേയും വിസ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവരോ എന്ന് ശോധന ചെയ്‌വിൻ” (1 യോഹന്നാൻ 4:1). വേദപുസ്തകം തന്നിരിക്കുന്നത് നമുക്ക് വായിച്ചു ഗ്രഹിച്ചു അനുസരിക്കുവാനാണ്. അല്ലാതെ അത്രയും അശ്രദ്ധമായി കൈകാര്യം ചെയ്യാനോ അവഗണിക്കാനോ അല്ല. ആത്മീയ കാര്യങ്ങളെ വിവേചിക്കുവാനും ദൈവിക നിർദ്ദേശങ്ങളെ മാത്രം

സ്വീകരിപ്പാനും മനുഷ്യന്റെ ബുദ്ധിയെ പ്രകാശിപ്പിക്കേണ്ടതിനു തന്നിരിക്കുന്ന ഒരു പരിശോധനക്കുള്ള ഉപകരണമായി തിരുവെഴുത്തിനെ നമുക്കു കാണാം. അതു നാം പ്രയോജനപ്പെടുത്തണം. ഏതൊരു വ്യക്തിയുടേയും കാലടികളെ സ്വാധീനമാക്കാൻ സ്വയമായി കഴികയില്ല. അതിനാൽ ദൈവത്തിന്റെ സഹായം കൂടിയേ തീരൂ. നാം കേൾക്കുകയും വായിക്കുകയും ചെയ്യേണ്ടത് ദൈവത്തിന്റെ അരുളപ്പാടാണ്. അവ പ്രമാണിക്കുവാൻ നാം ധൈര്യം ആർജ്ജിക്കണം.

വീണ്ടും എന്താണ് സക്യവേദപുസ്തകം വെളിപ്പെടുത്തുന്ന ഉപദേശം? അപ്പൊസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിലേക്കു കടക്കാം. യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവയ്ക്കു ശേഷം കർത്താവിന്റെ ആജ്ഞയാൽ പത്രൊസ് സുവിശേഷ പ്രസംഗം ആദ്യമായി നടത്തുകയാണ്. വലിയൊരു പുരുഷാരം അവിടെ സന്നിഹിതരായിരിക്കുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ ഏവരും രക്ഷിക്കപ്പെടും എന്ന സന്ദേശവും ആ പ്രസംഗത്തിൽ പ്രസ്താവിക്കയുണ്ടായി (പ്രവൃത്തി 2:21). എന്നാൽ അന്ന് അപ്പൊസ്തലർ ആരും തന്നെ, പാപം ക്ഷമിച്ചു കിട്ടേണ്ടതിനു പ്രാർത്ഥിക്കണമെന്നു ആവശ്യപ്പെടുകയുണ്ടായില്ല. കാരണം പാപികളുടെ പ്രാർത്ഥനകൊണ്ടു മാത്രം അവരുടെ പാപങ്ങൾ മോചിക്കപ്പെടുകയില്ല എന്നു അവരെ കർത്താവ് പഠിപ്പിച്ചിരുന്നു. പാപികൾ പ്രാർത്ഥിക്കേണ്ട എന്നല്ല ഇവിടെ പറയുന്നത്. പിന്നെയോ രക്ഷിക്കപ്പെടുവാനായി അവരുടെ പ്രാർത്ഥന കൊണ്ടുമാത്രം പ്രയോജനമില്ല എന്നർത്ഥം. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവേഷ്ടം ചെയ്യുന്നവരുടെ പ്രാർത്ഥനക്കു ദൈവം മറുപടി നല്കും എന്നും രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 9:31).

ഈ സന്ദർഭത്തിൽ യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം കേട്ട ആളുകൾ അവനിൽ വിശ്വസിച്ചു. മാത്രമല്ല, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു. രക്ഷ പ്രാപിപ്പാൻ എന്തു ചെയ്യണമെന്ന് അപ്പൊസ്തലന്മാരോട് അവർ ചോദിക്കുകയുണ്ടായി. അതായത് അവരുടെ പാപങ്ങൾ മോചിച്ചു കിട്ടേണ്ടതിന് അവർ എന്താണ് ചെയ്യേണ്ടത് എന്നായിരുന്നു അവരുടെ സംശയം. അപ്പൊസ്തലനായിരുന്ന പത്രൊസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ, പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. തുടർന്ന് നാം വായിക്കുമ്പോൾ അവർ വചനം കൈക്കൊണ്ടു; മൂവായിരത്തോളംപേർ സ്നാനമേറ്റു. കർത്താവ് അവരുടെ പാപങ്ങൾ മോചിച്ചു കൊടുക്കുകയും അവരെ രക്ഷിക്കയും അവൻ അവരെ തന്റെ സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2:38,41,47) എന്നു കാണാം. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ട കാര്യം കർത്താവ് കല്പിച്ച കല്പനകളാണ് നാം അനുസരിക്കേണ്ടത്. കാരണം നമ്മെ രക്ഷിക്കുന്നത് ക്രിസ്തുവാണ് (പ്രവൃത്തി 4:12).

ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ദൈവത്തിന്റെ ഇഷ്ടം എന്തെന്നു പരിശുദ്ധാത്മാവ് അവരെ നേരിട്ട് ഓർമ്മിപ്പിച്ചു സംസാരിക്കയും എഴുതുകയും ചെയ്തു. അതു വായിച്ചു മനസ്സിലാകത്തക്ക രീതിയിൽ ഇന്ന് എല്ലാവർക്കും ലഭ്യമാണ് (യോഹന്നാൻ 14:26; 16:12; 14; 2, തിമൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:20, 21). ആത്മാവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ അതിനോട് തർക്കിക്കാനോ വാദിച്ചു ജയിക്കാനോ നോക്കരുത്. ദൈവത്തോടു തർക്കിച്ചു ജയിക്കാൻ ആരാലും സാദ്ധ്യമല്ല. മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോ

ചനത്തിനായി കർത്താവിന്റെ നാമത്തിൽ നിങ്ങൾ സ്നാനമേല്ക്കുമ്പോൾ വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കയാണ്. പഴയ ജീവിതത്തെ പൂർണ്ണമായി ഉപേക്ഷിച്ച് ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് യേശുക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയാകുന്നത് (റോമർ 6:1-4). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി തീരുന്നു.

വീണ്ടും ജനിക്കുവാൻ ക്രിസ്തു കല്പിച്ചിട്ടില്ലാത്ത മാർഗ്ഗത്തിലൂടെ അത് ലഭിക്കുമെന്ന് ആരും പ്രതീക്ഷിക്കണ്ട. യേശു പഠിപ്പിച്ച രീതിയിലുള്ള മാർഗ്ഗം അനുസരിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. നിങ്ങളുടേയും എന്റെയും ആത്മാവ് വിലയുള്ളതാണ്. കാര്യഗൗരവത്തോടെ ആത്മാവിന്റെ രക്ഷക്കു വേണ്ടി ദൈവത്തെ അനുസരിക്കുക. അതാകുന്നു സകല മനുഷ്യർക്കും വേണ്ടത്.

✶

## നാം ക്രൂശിലെ കള്ളനെപ്പോലെ ആണോ രക്ഷിക്കപ്പെടുന്നത്?

### ക്ലിഫോർഡ് ഡിക്സൺ

രണ്ടു കള്ളന്മാരുടെ നടുവിലായിരുന്നു യേശുവിനെ ക്രൂശിൽ തറച്ചത്. അതിൽ ഒരു കള്ളൻ പുരുഷാരത്തോടൊപ്പം നിന്നെത്തന്നെ രക്ഷിപ്പിനാണ് പറഞ്ഞത്. എന്നാൽ മറ്റേ കള്ളൻ, ആ കള്ളനെ ശാസിക്കയും യേശുവിനോടു നീ രാജത്വം പ്രാപിച്ചുവരുമ്പോൾ തന്നെയും ഓർത്തുകൊള്ളേണം എന്നപേക്ഷിക്കയും ചെയ്തു. "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ

ഇരിക്കും" എന്നു യേശു അവനോടു പറഞ്ഞു (ലൂക്കൊസ് 23:39-43). വിശ്വാസത്താൽ മാത്രം രക്ഷപ്രാപിക്കാൻ കഴിയും എന്നു വിശ്വസിക്കുന്ന അനേകം പേർ പറയുന്നതു "ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ലല്ലൊ അതുകൊണ്ടു എനിക്കും സ്നാനം കൂടാതെ രക്ഷിക്കപ്പെടാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്" എന്നത്രെ. നാം സത്യസന്ധമായി ഈ സാഹചര്യത്തെ വിലയിരുത്തേണ്ടതാണ്. ക്രൂശിലെ കള്ളനെ പോലെ നമുക്കു രക്ഷിക്കപ്പെടാൻ കഴിയുമോ?

1. ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ലായിരുന്നു എന്നു നിങ്ങൾക്കു ഉറപ്പുണ്ടോ? യോഹന്നാൻ യെരുശലേമിലും, യെഹൂദ്യയിലും യോർദ്ദാന്റെ കരയിലും എല്ലായിടത്തും ഉള്ള വരെ സ്നാനപ്പെടുത്തിയിരുന്നു (മത്തായി 3:5-6). തുടർന്നു യേശുവിന്റെ ശിഷ്യന്മാർ യോഹന്നാനേക്കാൾ അധികം പേരെ സ്നാനപ്പെടുത്തിയിരുന്നു (യോഹന്നാൻ 4:1). ആ കള്ളൻ ആ കൂട്ടത്തിൽ സ്നാനപ്പെടുകയും പിന്നീടു കള്ളനായിത്തീരുകയും ചെയ്തിരിക്കാനിടയില്ലേ? അവൻ സ്നാനപ്പെട്ടിരുന്നു എന്നു നാം തറപ്പിച്ചു പറയുന്നില്ല; എന്നാൽ അവൻ സ്നാനപ്പെട്ടിരുന്നില്ല എന്നു പറയുന്നവർക്കു അതു തെളിയിക്കാൻ സാധ്യമല്ല. മാത്രമല്ല, സ്നാനം ഏറ്റു എന്നു ഊഹിക്കാനാണ് തെളിവു നല്കുന്നതു.

2. ക്രൂശിലെ കള്ളൻ അന്യാധീനപ്പെട്ട പാപിയായിരുന്നോ അതോ തെറ്റിപ്പോയ പാപിയായിരുന്നോ? ഒരു യിസ്രായേല്യൻ എന്ന നിലക്കു അവൻ മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലായിരുന്നുവല്ലൊ. അപ്പോൾ അവൻ ദൈവമകൻ ആയിരുന്നു. അന്യാധീനപ്പെട്ട പാപിയോടുള്ള പാപക്ഷമാപണവും തെറ്റിപ്പോയ പാപിയോടുള്ള, ക്ഷമാപണവും തമ്മിൽ വ്യത്യാസമുണ്ട്. തെറ്റിപ്പോയ ഒരാൾ മാനസാന്തപ്പെട്ട് തന്റെ തെറ്റ് ഏറ്റുപ

റഞ്ഞു ക്ഷമാപണത്തിനായി പ്രാർത്ഥിക്കണമായിരുന്നു (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16). അന്യാധീനപ്പെട്ട പാപി ഇന്ന് യേശുക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് യേശു ദേവപുത്രനെന്ന് ഏറ്റു പറഞ്ഞു പാപമോചനത്തിനായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കണം. കാരണം കർത്താവു മരിച്ചശേഷം പുതിയ നിയമമാണ് പ്രാബല്യത്തിലിരിക്കുന്നത് (മർക്കൊസ് 16:16; പ്രവൃത്തികൾ 22:16; 2:38; റോമർ 10:10). ഭൂതകാല സംഭവങ്ങൾ ആ കാലത്തു പ്രാബല്യത്തിലിരുന്ന നിമയത്തിലാണ് നസിക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്നു വർത്തമാനകാല നിയമമാണ് നാം അനുസരിക്കേണ്ടത്.

3. ക്രൂശിലെ കള്ളനോട് ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കുമെന്നു പറഞ്ഞപ്പോൾ യേശുവിന്റെ നിയമം നിലവിൽ വന്നോ? ഒരു നിയമം പ്രാബല്യത്തിൽ വരുവാൻ നിയമകർത്താവിന്റെ മരണം ആവശ്യമായിരുന്നു (എബ്രായർ 9:16,17). അന്നു ക്രിസ്തു മരിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് അവന്റെ നിയമം നിലവിൽ വന്നിട്ടില്ലായിരുന്നു. ഉദാഹരണമായി ഒരാൾ ജീവനോടെ ഇരിക്കുമ്പോൾ അയാളുടെ വസ്തു അയാൾക്ക് ഇഷ്ടമുള്ള രീതിയിൽ ക്രയവിക്രയം നടത്താം. അയാൾ ഒസ്യത്ത് എഴുതിവെച്ച ശേഷം മരിക്കുന്നുവെങ്കിൽ, അതുപ്രകാരം മാത്രമേ അതു ക്രയവിക്രയം നടത്താവൂ. നിയമം പ്രാബല്യത്തിലായി എന്നർത്ഥം. അതുപോലെ തന്നെയാണ് ക്രിസ്തുവിന്റെ നിയമവും. ക്രിസ്തുവിനാണ് പാപങ്ങൾ മോചിക്കുവാനുള്ള അധികാരം. അതുകൊണ്ട് അവൻ അതു എങ്ങനെ എന്ന് വെളിപ്പെടുത്തിയിരിക്കയാണ്. അതാണം നാം അനുസരിക്കേണ്ടത്.

✶

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

## പി.കെ വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!